പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 5126

22/05/2017 ൽ മറുപടിയ്ക്ക്

# ഇടുക്കി ജില്ലയിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നു

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.വി.ആർ.സുനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ ദീർഘകാലമായി മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇടുക്കിയിൽ റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) പഴയ സർവ്വേ റിക്കാർഡുകളുടെ അഭാവം, പതിവ് ഭൂമിയുടെ സ്കെച്ചുകളുടെ അഭാവം, കുത്തകപ്പാട്ട ഭൂമികളുടെ റിക്കാർഡുകളുടെ അഭാവം, ജില്ലയിലെ റീസർവ്വേ ഇതര ജോലികളുടെ ആധിക്യം (പട്ടയം, കൈയ്യേറ്റം, ഫോറസ്റ്റ് സർവ്വെ, മിച്ചഭൂമി സർവ്വേ മുതലായവ) തുടർച്ചയായി സർവ്വേ ചെയ്യുന്നതിനുള്ള പ്രതികൂല കാലാവസ്ഥ, മറ്റ് ജില്ലകളേക്കാൾ ഫീൽഡ് ജോലിക്ക് പ്രയാസമുള്ള ഭൂപ്രകൃതി, വന്യ ജീവികളുടെ സാമീപ്യം, വ്യാജ പട്ടയങ്ങൾ, വ്യാജ ആധാരങ്ങൾ എന്നിവ ജില്ലയിലെ റീസർവ്വേ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നു. |
| (സി) ഇടുക്കിയിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ അടുത്ത വർഷമെങ്കിലും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) 24/01/2017 ലെ സ.ഉ.(എം.എസ്സ്) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിച്ചതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലും റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 5 വില്ലേജുകളുടെ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ